**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3794** **15-07-2022 - ൽ മറുപടിയ്ക്ക്**

**ആമ്പല്ലൂർ പഞ്ചായത്തിലെ മണ്ണെടുപ്പുമായി ബന്ധപ്പെട്ട പരാതിയിൽ പോലീസ് സഹായം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അനൂപ് ജേക്കബ് | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | ആമ്പല്ലൂർ ഗ്രാമപഞ്ചായത്തിലെ സ്വകാര്യ ടർഫുകൾ ഉൾപ്പെടെയുള്ള സ്ഥാപനങ്ങൾക്ക് ലൈസൻസ് ഏർപ്പെടുത്തിയതുമൂലമുണ്ടായ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി പ്രസിഡന്റ് നൽകിയ പരാതിയിൻമേൽ മുളന്തുരുത്തി പോലീസ് നടപടി സ്വീകരിക്കാത്ത വിഷയം സർക്കാർ തലത്തിൽ പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | പ്രസ്തുത വിഷയം ഉന്നയിച്ചുകൊണ്ടുള്ള പരാതി മുളന്തുരുത്തി പോലീസ് സ്റ്റേഷനിൽ ലഭിച്ചിട്ടില്ല. |
| (ബി) | പ്രസ്തുത പഞ്ചായത്തിലെ മണ്ണെടുപ്പുമായി ബന്ധപ്പെട്ട കേസുകളിൽ പോലീസ് പ്രതികൾക്ക് അനുകൂലമായി നടപടി സ്വീകരിച്ചിട്ടുണ്ടെങ്കിൽ ആയത് സർക്കാർ പരിശോധിക്കുമോ; വിശദമാക്കാമോ; | (ബി) | ഇക്കാര്യത്തിൽ പോലീസ് പ്രതികൾക്ക് അനുകൂലമായി നടപടി സ്വീകരിച്ചിട്ടില്ല. മണ്ണെടുപ്പിനായുള്ള ലൈസൻസ് അനുവദിക്കുന്നത് മൈനിംഗ് & ജിയോളജി വകുപ്പാണ്. 2022 ജനുവരി മുതൽ മുളന്തുരുത്തി പോലീസ് സ്റ്റേഷൻ പരിധിയിൽ മണ്ണെടുക്കുന്നതിനായി 52 പാസ്സുകൾ Mining & Geology വകുപ്പ് അനുവദിച്ച് നൽകിയിട്ടുണ്ട്. ഇതിൽ കൂടുതൽ പാസുകൾ ഇനി അനുവദിക്കരുതെന്നാവശ്യപ്പെട്ട് എറണാകുളം ജില്ലാ കളക്ടർക്ക് മുളന്തുരുത്തി എസ്.എച്ച്.ഒ. അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നശേഷം അനധികൃതമായി കരമണ്ണ് ഖനനം നടത്തി കൊണ്ടുപോയതിന് മുളന്തുരുത്തി പോലീസ് 34 വാഹനങ്ങൾ പിടിച്ചെടുത്ത് നിയമ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. മണ്ണെടുപ്പ് തടയുന്നതിനായി ഗ്രാമപഞ്ചായത്ത് മുളന്തുരുത്തി പോലീസിന്റെ സഹായം ആവശ്യപ്പെടുന്ന അവസരങ്ങളിൽ പോലീസ് സേവനം നൽകി വരുന്നതുമാണ്. |
| (സി) | എങ്കിൽ ലൈസൻസ് ഏർപ്പെടുത്തൽ, മണ്ണെടുപ്പ് തടയൽ എന്നീ നടപടികളിൻമേൽ ഗ്രാമപഞ്ചായത്തിന് മുളന്തുരുത്തി പോലീസിന്റെ സേവനങ്ങൾ ലഭ്യമാക്കാൻ നടപടികൾ സ്വീകരിക്കുമോ? | (സി) | ഉത്തരം (B) യിൽ ചേർത്തിരിക്കുന്നു. |

സെക്ഷൻ ഓഫീസർ